# കർണ്ണകയമ്മൻ

## ഹയർ സെക്കന്ററി സ്കൂൾ

കണ്ണകി നഗർ, മൂത്താന്തറ

പാലക്കാട്–12

E-mail :khs@gmail.com, khss@gmail.com




# അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിദ്യാഭ്യാസ സംരക്ഷണ യജ്ഞം



KHSS

ॐ

UNITE OF US IN THE SACRED KNOWLEDGE TRUTH & LOVE THEE





## ആമുഖം

കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ വളരെക്കാലമായി നേരിടുന്ന ഒരു പ്രധാന പ്രതിസന്ധിതന്നെയാണ് അറിവിന്റെ വിനിയമത്തിൽ ഉണ്ടാവുന്ന ഏറ്റക്കുറച്ചിൽ എന്നത്. വിദ്യാഭ്യാസത്തിന്റെ സൂക്ഷ്മമായ ലക്ഷ്യം അക്ഷര ജ്ഞാനവും വിഷയജ്ഞാനവും ആവുമ്പോൾ സമഗ്രമായ ലക്ഷ്യം തിരിച്ചറിവും മൂല്യബോധവുമുള്ള ഉത്തമ പൗരന്മാരടങ്ങിയ സമൂഹം തന്നെയാണെന്നത് നിസ്തർക്കമായ സംഗതിയാണ്. എല്ലാ തരങ്ങളിലും തലങ്ങളിലുമുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ ദേശീയ വിദ്യാഭ്യാസനയത്തിന്റെയും വിദ്യാഭ്യാസ അവകാശനിയമത്തിന്റെയും പ്രായോഗിക രീതികളിലൂടെ ഉത്ബുദ്ധരാക്കേണ്ട ഒരു കാലം തന്നെയാണ് സമാഗതമായിരിക്കുന്നത് എന്നു പറയാം. കർണ്ണകയമ്മൻ ഹയർസെക്കണ്ടറി സ്കൂളിന്റെ പ്രവർത്തകരും മേൽപ്പറഞ്ഞ തത്വങ്ങളുടെ പ്രയോക്താക്കളും ആത്യന്തികമായ ലക്ഷ്യങ്ങൾക്കും സാഫല്യത്തിനും വേണ്ടി അക്ഷീണം യത്നിക്കുന്നവരുമാണെന്ന് ഇതിനാൽ വ്യക്തമാക്കിക്കൊള്ളട്ടെ. അറിവും മൂല്യബോധവുമുള്ള സംസ്കൃത സമൂഹം ഇവിടെ യാഥാർത്ഥ്യമാവട്ടെ എന്നു പ്രത്യാശിച്ചുകൊണ്ട് കാര്യപ്രസ്കതമായ ഉൾപ്പേജുകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം

## കാഴ്ചപ്പാട്

ബഹുമുഖ വ്യക്തിത്വങ്ങൾ ഉള്ള ഒരു സമൂഹത്തിന്റെ പ്രതീകമാണല്ലോ വിദ്യാലയം എന്നത്. ഉന്നതമായ കാഴ്ചപ്പാടുകളും മഹത്തായ ലക്ഷ്യങ്ങളും ഉജ്ജ്വലമായ സാഫല്യ മുഹൂർത്തങ്ങളും ഉണ്ടാവേണ്ടതായ ഭൂമിക തന്നെയാണിവിടം. കാരണം വലിയൊരു സമൂഹത്തിന്റെ പ്രാർത്ഥനയും പ്രതീക്ഷയുമാണ് ഇതിന്റെ അന്തരംഗത്തിൽ കുടികൊള്ളുന്നത്. ഞങ്ങളുടെ വിദ്യാലയത്തിന്റെ ചില കാഴ്ചപ്പാടുകളും ലക്ഷ്യങ്ങളുമാണ് താഴെ ചേർക്കുന്നത്. ഇത് ഇനിവരുന്ന 5 വർഷത്തിനുള്ളിൽ നടപ്പിലാക്കും എന്ന ലക്ഷ്യത്തിന്റെ സൂചകങ്ങളാണ്.

- എല്ലാ ക്ലാസ്സ് മുറിയും ലൈബ്രറിയും ലാബും പഠനസാമഗ്രികളോടു കൂടിയതാവണം.
- പബ്ലിക് അഡ്രസ്സിങ്ങ് കൂടുതൽ മെച്ചപ്പെടുത്തണം.
- ഔഷധ സസ്യത്തോട്ടം, നക്ഷത്രവനം എന്നിവ ഉൾക്കൊള്ളുന്ന ജൈവ വൈവിധ്യപാർക്ക്.
- കൂടുതൽ മെച്ചപ്പെടുത്തിയ കുടിവെള്ള വിതരണ സംവിധാനം.
- കുട്ടികളുടെ എണ്ണത്തിൽ ഉള്ള വർദ്ധനവും 100% വിജയവും.
- A+ കളുടെ എണ്ണം വർദ്ധിപ്പിക്കുക.
- പ്രവർത്തനക്ഷമമായ വിവിധ ക്ലബ്ബുകൾ (എല്ലാ വിഷയത്തിനും).
- ശാസ്ത്രീയമായ അക്കാദമിക് മൂല്യനിർണ്ണയവും പ്രശ്നപരിഹാര ബോധനവും.
- കലാകായിക പ്രവൃത്തി പരിചയ മേഖലകളിലെ മികവുകൾ ആർജിക്കൽ. ഉൽപാദനവും വിൽപ്പനയും വിപണന തന്ത്രങ്ങളും പരിചയപ്പെടുത്തും.
- വിദ്യാർത്ഥികൾക്ക് ഫലപ്രദമായ വിവിധ ബുള്ളറ്റിൻ ബോർഡുകൾ.
- വിദ്യാർത്ഥികൾക്കുമാത്രമല്ല വിദ്യാലയം സന്ദർശിക്കുന്ന ആർക്കും ജീവിതത്തിൽ വഴികാട്ടിയാവുന്ന സന്ദേശങ്ങളടങ്ങിയ സംസാരിക്കുന്ന ചുവരുകൾ.

- വിദ്യാലയ എക്സിബിഷൻ (അക്കാദമിക് മികവുകളുടെ പ്രദർശനം)
- സ്വഭാവ രൂപീകരണത്തിനും നല്ല പെരുമാറ്റരീതികൾ ആർജിക്കുവാനുമുള്ള വ്യക്തിത്വ വികസന പദ്ധതികൾ.
- അദ്ധ്യാപക രക്ഷാകർതൃസമിതിയുടെ ഫലപ്രദമായ കൂടിച്ചേരലും വിലയിരുത്തലും.
- ഫലപ്രദമായ പരിഹാര നിർവ്വഹണസമിതിയുടെ പ്രവർത്തനം.
- കുട്ടികളുടെ ബൗദ്ധികവും സാംസ്കാരികവുമായ കഴിവുകൾ മെച്ചപ്പെടുത്തുന്ന വിദ്യാലയതല പരിപാടികൾ.
- മാതൃസംഗമം, പൂർവ്വ വിദ്യാർത്ഥി സംഗമം, അദ്ധ്യാപക സംഗമം തുടങ്ങിയവുടെ ശാക്തീകരണം.
- വിദ്യാലയ അന്തരീക്ഷം മെച്ചപ്പെടുത്തൽ (ആകർ,കമായ പെയിന്റിങ്ങ് തുടങ്ങിയവയിലൂടെ)–ഇതിന്റെ ഫലപ്രദമായ സംരക്ഷണം.
- ഫലപ്രദവും കാലാനുസൃതവുമായ റിപ്പയറിങ്ങ് മെയിന്റനൻസ് സംവിധാനങ്ങൾ.
- വിശാലവും ഡിജിറ്റൽ ചെയ്തതുമായ ലൈബ്രറിയും വായനാമുറിയും.
- ഗെയിംസിന് കൂടുതൽ പ്രാധാന്യം നൽകണം. (ക്രിക്കറ്റ്, കബഡി, തൈക്വോൺഡോ, ആർച്ചറി)
- വിവിധ മേഖലകളിലെ നേട്ടങ്ങൾ പ്രദർശിപ്പിയ്ക്കുന്ന ഷോകെയ്സുകളടങ്ങിയ പ്രദർശനമുറി നിർമ്മാണം.
- തൈക്വോൺഡോ പരിശീലനത്തിനുവേണ്ടി 10 x 10-Room നിർമ്മാണം.
- യോഗാപരിശീലനം ഫലപ്രദമായി നടത്തുന്നതിന് സ്ഥിരമായ സംവിധാനവും കേന്ദ്രവും നൈപുണ്യം നേടിയ പരിശീലകനും.
- ഇന്നത്തെ പഠനം നാളത്തെ അഭിമാനകരമായ തൊഴിൽ എന്ന സംസ്ക്കാരം വളർത്തിയെടുക്കൽ; കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നതിനുവേണ്ട പദ്ധതികൾ
- കൃഷിയും കാർഷിക വൃത്തിയും എന്തുകൊണ്ടും അഭിമാനകരമാണ് എന്ന് കുട്ടികളെ ബോധവത്കരിക്കുന്ന അനുബന്ധ പ്രവർത്തനങ്ങൾ.

❖ ജൈവ കൃഷിയും വിഷരഹിതലോകവും എന്ന ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും, പ്രാവർത്തികമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ.

❖ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക.

❖ വിദ്യാലയ ചുറ്റുമതിലിനരികിലൂടെ തണൽ മരങ്ങളും ഫലവൃക്ഷങ്ങളും വച്ചു പിടിപ്പിക്കുക.

❖ മാത്സ് ലാബിന്റെയും മ്യൂസിയത്തിന്റെയും വിപുലീകരണം. നിത്യജീവിതത്തിൽ ഗണിതത്തിന്റെ സ്ഥാനം, പ്രശ്നപരിഹാരശീലം, തൊഴിൽമേഖല ബോധവൽക്കരണം.

## പ്രശ്നങ്ങൾ- വെല്ലുവിളികൾ

കർണ്ണകയമ്മൻ ഹൈസ്കൂളിന്റെയും ഹയർ സെക്കന്ററി സ്കൂളിന്റെയും ഭൗതികവും അക്കാദമികവുമായ ചില വെല്ലുവിളികൾ ചുവടെ ചേർക്കുന്നു.

1. അക്കാദമിക നിലവാരം വളരെയധികം താണ വിദ്യാർത്ഥികളെ മുമ്പ് അവർ ആർജ്ജിക്കേണ്ടതായ ജ്ഞാനം പകർന്നു നൽകുന്നതിനുള്ള കാലവിളംബം.

2. അച്ചടക്കം (discipline) ഉണ്ടാക്കിയെടുക്കുന്നത് നിലനിർത്താൻ ഫലപ്രദമായ മാർഗങ്ങളുടെ അഭാവം.

3. സ്കൂളിലേക്കുള്ള മാർഗ്ഗങ്ങൾ ഇടുങ്ങിയതുകൊണ്ടും (മേലാമുറി-വടക്കന്തറ) മേലാമുറി ജംഗ്ഷനിൽ ട്രാഫിക് പോലീസ് സംവിധാനമില്ലാത്തതുകൊണ്ടും വാഹനക്കുരുക്കും സമയനഷ്ടവും ഉണ്ടാവുന്നു. അപകടങ്ങൾ ഉണ്ടാവാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല.

4. മാതാപിതാക്കളുടെ നിരക്ഷരതയും അറിവില്ലായ്മയും കാരണം School-House ഫ്രണ്ട്ലി സാഹചര്യങ്ങൾക് അയവു സംഭവിക്കുന്നത് കുട്ടികളുടെ പഠന ബോധന നിലവാരത്തെ ബാധിയ്ക്കുന്നു.

5. Clerical works കൂടുതൽ ഉള്ള അധ്യാപകർക്ക് ക്ലാസ്സുകൾ കൈകാര്യം ചെയ്യാനുള്ള സമയക്കുറവുകാരണം കൂടുതൽ സമ്മർദ്ദം അനുഭവിക്കേണ്ടിവരുന്നു. ഇത് പഠനത്തിന് പിന്നോക്കം നിൽക്കുന്ന കുട്ടികളെ കാര്യമായി ബാധിയ്ക്കുന്നു.

# മലയാളം - അക്കാദമിക മാസ്റ്റർ പ്ലാൻ - കെ.എച്ച്.എസ്.എസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ്<br>അക്ഷരം, വാക്ക്, വാക്യം എന്നിവയുടെ കൃത്യത വരുത്തൽ<br>ചിത്രവായന<br>പിന്തുണാക്ലാസ്സ് | 3 (മാസം)<br>ജൂൺ, ജൂലൈ ആഗസ്റ്റ് | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | അധ്യാപകർ |
| വായനയുടെ പ്രാധാന്യം തിരിച്ചറിയുക . | ക്ലാസ്സിൽ വായന പ്രോത്സാഹിപ്പിക്കുക<br>വായനക്കൂട്ടം രൂപീകരിക്കുന്നു.<br>സ്കൂൾ ലൈബ്രറി പരമാവധി പ്രയോജനപ്പെടുത്തുന്നു.<br>പത്രവായന, പുസ്തകപരിചയം<br>വായനാക്കുറിപ്പ് പതിപ്പ്<br>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം . | 6 മാസം | ലൈബ്രറി - ക്ലാസ്, സ്കൂൾ<br>പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ | പി.ടി.എ<br>അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക | ചുമതല |
|---|---|---|---|---|
| എഴുത്തിന് പ്രോത്സാഹനം | എഴുത്തിലൂടെ - കൂടുതൽ ഭാഷ കൈകാര്യം ചെയ്യുന്നതിന് അവസരം ഒരുക്കുന്നു. വ്യക്തിഗതരചന, സംഘരചന ഭാഷാ പ്രോജക്ട് - പതിപ്പ് തയ്യാറാക്കൽ | 6 മാസം | പുസ്തകങ്ങൾ ലൈബ്രറി | അധ്യാപകർ പി.ടി.എ |
| ഭാഷ സ്വയം പ്രകടിപ്പിക്കുന്നതിനുള്ള ശേഷി | വിഷയങ്ങൾ നൽകി- സംസാരിപ്പിക്കുന്നു. എഴുതി വായിപ്പിക്കുന്നു. കാണാതെ പഠിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നു. (പദ്യം). പദസമ്പത്ത് വർദ്ധിക്കും. ചോദ്യങ്ങൾക്ക് (പാഠം, പരീക്ഷ) സ്വയം ഉത്തരം എഴുതുന്നതിന് | ജൂലൈ- ജനുവരി | ഓഡിയോ വീഡിയോ ക്ലാസ് ടെസ്റ്റ് പരീക്ഷകൾ | അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## HS

**മേഖല – അക്കാദമികം** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>etc.. | |

# <u>അക്കാദമിക് മാസ്റ്റർ പ്ലാൻ</u>

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# English

## Preface

The master Plan for developing English language is designed in such a way which Provides ample oppurtunities for students to learn English language effectively. It is expected that, this Plan would make the learners more confident in using English language in day-to-day life. This Plan contains a variety of language skills, vocabulary and mastery of language. Curriculum objectives of this Plan is focused on the development of four language skills, namely, listening, speaking, reading and writing.

This Plan is Prepared under five sections, namely, Aim, Activities, Time, Finance and Responsibility. The Plan is an endeavour to make the learning of English language an enjoyable experience.

## Master Plan for enriching English Language 2025-26

Aim : Development of four language skills

Activities : Short term activities and Long-term activities

| Short term activities | Time | Responsibility | Finance |
|---|---|---|---|
| Activities focusing on LSRW | | Students and Teachers | PTA, students, teachers - cost of equipments and aids. |
| • Listening to the news reading telecasted in various TV channels | weekly | | |
| • Reading newspaper, magazines, books from the library | Daily weekly | | |
| • Spoken English - Communication of English in classes and day-to-day life | Daily in class hours | | |

(PTO)

| Short term activities | Time | Responsibility | Finance |
| --- | --- | --- | --- |
| • writing – Review of the book, which the students have read and enjoyed. writing about the memorable experiences in their life. | Once in a week | Students and teachers | Books from the School library |
| Activities from June to March<br>Celebration of World Environment Day<br>Students are asked to draw Pictures in | June | Students | |

| Short term activities | Time | Responsibility | Finance |
| --- | --- | --- | --- |
| shows the importance of Planting trees and Protecting environment.<br>• Use of dictionary in classrooms familiarising | Daily in class hours | Students and teachers | |

| Short term activities | Time | Responsibility | Finance |
| --- | --- | --- | --- |
| shows the importance of Planting trees and Protecting environment. | | Students and teachers | |
| • Use of dictionary in classrooms familiarising and enriching vocabulary. | Daily in class hours | | |
| • Recitation : Enabling the students to recite the Poems with Proper stress, rhythm and intonation | July | Participation of students and teachers | |
| • Providing story books with Pictures, biographies, novels, drama etc. | July | | School library |
| • Speech on Independence Day | August | | |

| Short term activities | Time | Responsibility | Finance |
| --- | --- | --- | --- |
| • English Assembly which includes, Prayer, Pledge, news reading, Thought for the day, Introducing an author and a book, Proverb expansion Prize distribution and vote of thanks | August | Students' Participation | English club |
| • First term Evaluation | September | Teachers | |
| • Language Games | September | Participation of students | English club |

| Short term activities | Time | Responsibility | Finance |
|---|---|---|---|
| • Completion of a story<br>Giving an opening sentence and completing story or develop a story using the given hints | october | Participation of students with the guidance of teachers | English club, PTA |
| • Screening of cartoons, films, documentaries etc. to encourage the students to Prepare Profile and Script writing | In class hours | Participation of students | |
| • Celebration of childrens' Day. | | | |
| • Collage - Drawing the Picture of important events in the life of Nehru. | November | Participation of students | English club. |

| Short term activities | Time | Responsibility | Finance |
|---|---|---|---|
| • Speech on Nehru's vision of India | November | students and Teachers | |
| • English Assembly in second term | December | students and teachers | English club |
| • Second term Evaluation Familiarising students with model question Paper | December | | |
| • Revision: Focusing on discourses like Profile, Notice, Diary, character sketch, Letter writing, news report, Conversation, comprehension Passage, appreciation of Poems and grammatical elements | January<br>Daily in class hours | Participation of students with the guidance of teachers | |
| • SSLC Model Exam | February | students and | |

| | | | |
|---|---|---|---|
| • SSLC Exam - 2025<br>• Annual Evaluation of VIII$^{th}$ and IX$^{th}$ standard | March | students and teachers | |
| **Long term activities** | | | |
| • Listening recorded forms of discourses such as Poems, Speeches etc. | monthly | Participation of students | |
| • Active Participation in role Play, conversation, skit, discussion etc. | Twice in a month | & students | |
| • Class magazine including Pictures, stories, Poems, articles, write-ups, Proverbs, Puzzles, riddles, language games etc | From June to January | Participation of students with the guidance of teachers | English club |

# हिंदी

## मुख्य योजना

हिंदी हमारा राष्ट्रभाषा और संपर्क भाषा भी है
हाईस्कूल कक्षा वालों का अध्ययन योजनाबद्ध एवं-
सरल होना अनिवार्य है। इस में कुछ प्रवर्तन की
आवश्यकता है। कर्णकथमन उच्च शैक्षिक माध्यमिक-
विद्यालय के अध्यापक चर्चा और सोच विचार के बाद
यह उल्लेख प्रस्तुत करते हैं। आशा करते हैं कि-
यह सभी सफलता पाएँ।।

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി പ്രയോഗ്ശാല | ഹിന്ദി ഗാനങ്ങളിലൂടെയും പാട്ടുകവിതകളിലൂടെയും, സിനിമ-നാടക രൂപങ്ങളിലൂടെയും സംഭാഷണ പ്രയോഗിക രീതികളിലൂടെയും ഭാഷയുടെ സംസ്കാരവും ദേശീയബോധവും കേൾവിയിലൂടെയും കാഴ്ചയിലൂടെയും കുട്ടിയിലെത്തിക്കുന്നു. | തുടർച്ച Long Term | Management Teachers | 15000/- |
| നാട്യമഞ്ച് | ലഘുനാടകങ്ങൾ, പാവനാടകം, സ്കിറ്റ്, എന്നിവയുടെ നിർമ്മാണം, അവതരണം കുട്ടികളിലൂടെ നിർവ്വഹിക്കപ്പെടുന്നു. | Long Term | Teachers | 10000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഹിന്ദി ചിത്രശാല | കുട്ടികൾ ക്യാമറയിൽ പകർത്തിയ പ്രകൃതിദൃശ്യങ്ങൾ, സാമൂഹികസംഭവങ്ങൾ, ഗുണപാഠം നൽകുന്ന മുഹൂർത്തങ്ങൾ എന്നിവ യോജ്യമായ അടിക്കുറിപ്പും (In Hindi) കുട്ടിയുടെ ഇൻസെറ്റിൽ ഉള്ള Photo യോടുകൂടി തന്നെ പ്രദർശനം. സംഘടിപ്പിക്കുക. സ്ഥിരമായി ചുവരിൽ പ്രദർശിപ്പിക്കുന്നു. | Long-Term | Management PTA Teachers | 5000/- |
| ~~ഹിന്ദി ഗ്രന്ഥാലയം~~ | ~~കുട്ടികൾക്കുപകരിക്കുന്ന ചെറിയ ചിത്രകഥാ പുസ്തകങ്ങൾ~~ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി ലൈബ്രറി [ഗ്രന്ഥാലയ്] | പ്രാചീന - ആധുനിക - ഉത്തരാധുനിക - എഴുത്തുകാരുടെ പ്രശസ്ത രചനകൾ ഉൾപ്പെടെ ചെറുതും വലുതുമായ പുസ്തകശേഖരം. കുട്ടികളുടെ ചിത്രകഥകൾ, കവിതകൾ എന്നിവയ്ക്കും പ്രാധാന്യം നൽകുന്നു. ഭാഷാ വായനക്ക് പ്രോത്സാഹനം നൽകുന്നു. | - | Management | 10000/- (Ten thousand only) |
| അക്ഷരച്ചുമര് | ഹിന്ദി അക്ഷരങ്ങൾ സ്ഥിരമായി മറന്നുപോകുന്ന കുട്ടികൾക്കായി (ഡിസ്ഗ്രാഫിയ) പ്രത്യേക വർണ്ണങ്ങളിൽ അക്ഷരങ്ങൾ ഒരുക്കുന്നു. | - | Management Teachers | 5000/- Five thousand Rs/- only. |
| സഫേദ് പട് | വസ്തുക്കൾ, കായ്കനികൾ, ഉപകരണങ്ങൾ, അക്ഷര- | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ശബ്ദങ്ങൾ, ചിഹ്നങ്ങൾ എന്നിവയുടെ രൂപങ്ങൾ പ്രദർശിപ്പിച്ച് ഭിന്നശേഷിക്കാരായ കുട്ടികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ഗ്രഹിപ്പിക്കാൻ ശ്രമിക്കുന്നു. | 1 വർഷം. | Management | 2000/- |

# ACADEMIC MASTER PLAN · 2025-2026 SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യം ഒരു ജീവിതശൈലിയായി മാറ്റിയെടുക്കുക | * സ്കൂൾ പാർലമെന്റ് ഇലക്ഷൻ മോക് പാർലമെന്റ്, എന്നിവയുടെ നടത്തിപ്പ് | അക്കാദമിക വർഷത്തിലെ പ്രത്യേകം നിശ്ചയിച്ച ദിവസങ്ങൾ | | |
| | * ഭരണഘടനയുടെ ആമുഖം അവലോകനം ചെയ്യൽ | ദീർഘകാലം | അധ്യാപകർ PTA മാനേജ്മെന്റ് പൂർവ്വവിദ്യാർത്ഥികൾ | 15,000 |
| ദേശീയ ബോധമുള്ള ഉണർവ വളരെ വളർത്തൽ | * ദിനാചരണങ്ങളിലൂടെ<br>* പ്രധാന വ്യക്തികളുടെ സ്കൂളിലേക്ക് ക്ഷണിക്കൽ<br>* സാമൂഹിക പ്രവർത്തനങ്ങളിൽ ഇടപെടൽ<br>* സംഘചർച്ചകൾ- സംവാദങ്ങൾ<br>* സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിക്കുന്നുള്ള പ്രവർത്തനങ്ങൾ<br>* പരിസ്ഥിതിയെ പരിചയപ്പെടുത്തുന്നുള്ള പഠന യാത്രകൾ | വർഷം മുഴുവനും | അധ്യാപകർ സോഷ്യൽ ക്ലബ്ബ് | 10,000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൂമിയെ അറിയാൻ.. | ഭൂപട വായന പ്രോൽസാഹിപ്പിക്കുക. അറ്റ്ലസ് നിർമ്മാണം. പഠന യാത്ര (പ്ലാനറ്റോറിയം സന്ദർശനം) | വർഷം മുഴുവൻ | അധ്യാപകർ | 50,000 |
| ചരിത്ര അവബോധം വളർത്തുന്നതിന് | * പ്രോജക്ട്<br>* ചരിത്രരചന<br>* നാണയശേഖരണം<br>* സ്റ്റാമ്പ് ശേഖരണം<br>* ചരിത്രസ്മാരകങ്ങളുടെ സന്ദർശനം | വർഷം മുഴുവനും | സോഷ്യൽക്ലബ്ബ് അധ്യാപകർ | 10,000 |

## Academic Master Plan - Science 2025 - 2026

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേകം പരിശീലനം | Teacher - Student, Student - Student എന്നിങ്ങനെ 2 തലത്തിൽ പരിശീലനം | ആഴ്ചയിൽ 1 ദിവസം | SR. G Science Teachers | - |
| 2. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്രജ്ഞർ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി - പരീക്ഷണങ്ങൾ ചെയ്ത് പ്രദർശിപ്പിക്കൽ<br>പാഠഭാഗവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | Science Club | P.T.A, management |
| | ക്ലാസ്സുകളിൽ ലഘു Project-കൾ കൊടുത്ത് ചെയ്യപ്പെട്ടവ സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | " | Science Teachers | |
| 3. Model നിർമ്മാണം (ശില്പശാല) | പാഠഭാഗവുമായി ബന്ധപ്പെട്ട ഉപകരണ മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 ദിവസം | Science Teachers | P.T.A management |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 4. ശാസ്ത്രമേഖലകളിലെ പങ്കാളിത്തം ഉറപ്പു വരുത്തൽ | മേഖലകളിൽ ഉയർന്നുവരുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തിൽ 3 ദിവസം | Science club | P.T.A Management |
| 5. ആരോഗ്യരേഖ (Health card) | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | Science club ആരോഗ്യ ക്ലബ് | P.T.A management ആരോഗ്യവകുപ്പ് |
| 6. ശാസ്ത്രലാബ് നവീകരണം | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റു സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കുന്നു. | ജനുവരി മുതൽ 2 ദിവസം | Science Teachers | P.T.A Management |
| 7. പരിസ്ഥിതി പഠനാനുഭവം (Field Trip. | സസ്യോദ്യാനം, പ്ലാനറ്റേറിയം, മിൽമ പാൽസംസ്കരണ ശാല. എന്നിവ സന്ദർശിച്ച് അറിവ് നേടുന്നു. | സെപ്റ്റംബർ | Science Teachers | Students and Teachers |

# അക്കാദമിക പ്ലാൻ

## K.H.S.S Moothanthara (2025-2026)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| * അടിസ്ഥാന ക്രിയകൾ ഉറപ്പിക്കൽ<br>* ഗണിതത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കാൻ<br>* ഗണിതം ലളിതം രസകരമാക്കാൻ | ✓ സങ്കലനം, വ്യവകലനം ഗുണനം, ഹരണം എന്നീ ക്രിയകൾ രസകരമായ രീതിയിലും, കളികളിലൂടെയും അവതരിപ്പിക്കുന്നു<br>✓ +, – എന്നീ ക്രിയകൾ Game ലൂടെ ഉറപ്പിക്കുന്നു<br>✓ 'x' എന്ന ക്രിയ വിവിധ task കളിലൂടെ ഉറപ്പിക്കുന്നു<br>✓ '÷' എന്ന ക്രിയ അനുപാത, അംശബന്ധങ്ങളുടെ ആശയത്തിന്റെ അടിസ്ഥാനത്തിൽ ലളിതമാക്കി അവതരിപ്പിക്കുന്നു. | 2 മാസം | Chart<br>Books<br>Abacus<br>Computer<br>CD | BRC<br>DIET<br>SCERT<br>PTA | 30000 |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| * ഗണിതത്തെ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്തുക.<br><br>* നിത്യജീവിതത്തിൽ ഗണിതം എങ്ങിനെയൊക്കെ ഉപയോഗപ്പെടുന്നു | ✓ Projects, Survey എന്നിവ വിവരശേഖരണ രീതികളിലൂടെ ഉള്ള പഠനം<br><br>✓ കാലത്തെ ചായ മുതൽ ഓരോന്നിലൂടെ ജീവിതഗന്ധിയായ ഓരോ പ്രവർത്തനത്തിലും ഗണിതം അറിയേണ്ട ആവശ്യകത ബോധ്യപ്പെടുത്തുന്നു.<br>✓ ഗണിത മാഗസിൻ<br>✓ ശാസ്ത്രമേള പ്രവർത്തനങ്ങൾ<br>✓ പത്രങ്ങളും വായനാനുഭവം പങ്കുവയ്ക്കൽ | 1 Year | പുസ്തകം പത്രങ്ങൾ അനുകൂല പ്രായോഗികം ബെഞ്ച് | BRC<br>IED<br>Trainer<br>PTA<br><br>PTA<br>Teachers<br>Students | 20000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പങ്കാളി | സാമ്പത്തികം |
|---|---|---|---|---|---|
| * കുട്ടിയിലെ ഗണിത ശേഷിയും താല്പര്യവും വർദ്ധിപ്പിക്കുക | ✓ ദിനാചരണങ്ങൾ<br>✓ ഏകാഭിനയം, നാടകം<br>✓ ഗണിത Notice board<br>✓ ദിനാന്തര വാർത്തകൾ<br>✓ ഗണിത ലൈബ്രറി<br>✓ Slide show Presentation<br>✓ Field Trip<br>✓ Maths festival<br>✓ Maths Lab നവീകരണം<br>✓ Maths - e Lab<br>✓ Work shop<br>✓ രാമായണ ക്വിസ്<br>✓ നാട്ടി ഗണിത ശാസ്ത്രജ്ഞർ | 1 വർഷം | Library<br>Computer<br>Internet<br>Mike<br>Chart<br>Auditorium<br>Sound System<br>Marker | Teachers<br>students<br>IED Trainer | 20000 |

Scanned with OKEN Scanner